GULF MADHYAMAM

ദുബൈ വർക്കയിൽ ഏപ്രിൽ മുതൽ പ്രവർത്തനമാരംഭിക്കുന്ന രാജഗിരി ഇന്റർനാഷനൽ സ്കൂളിന്റെ വിശദാംശങ്ങൾ എം. മാത്യു വട്ടത്തറയും മറ്റും പത്രസമ്മേളനത്തിൽ വിശദീകരിക്കുന്നു

CHANDRIKA

രാജഗിരി സ്കൂൾ ഓഫ് ബോക്കുൽ സയൻസും സുധീർ ഗോപി ഹോൾഡിംഗ്സും ചേർന്ന് ദുബായ് അൽ വർഖയിൽ ആരംഭിക്കുന്ന രാജഗിരി ഇന്റർനാഷനൽ സ്കൂൾ സംബന്ധിച്ച് ഡോ. എം. മാത്യു വട്ടത്തറ സി.എം.ഐ വാർത്താസമ്മേളനത്തിൽ വിശദീകരിക്കുന്നു

# രാജഗിരി ഇന്റർനാഷനൽ സ്കൂൾ ഏപ്രിലിൽ പ്രവർത്തനമാരംഭിക്കും

ദുബായ്: രാജഗിരി സ്കൂൾ ഓഫ് സോക്കുൽ സയൻസും സുധീർ ഗോപി ഹോൾഡിംഗ്സും ചേർന്ന് ദുബായ് അൽ വർഖയിൽ രാജഗിരി ഇന്റർനാഷനൽ സ്കൂൾ ആരംഭിക്കുന്നു. കെ.ജി മുതൽ പ്ലസ് ടു വരെയുള്ള ക്ലാസുകൾ സ്കൂളിൽ ഉണ്ടാകുമെന്ന് രാജഗിരി സ്കൂൾ അക്കാദമിക് ഡയറക്ടർ ഡോ. എം. മാത്യു വട്ടത്തറ സി.എം.ഐ ദുബായിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ഇക്കൊല്ലം ഏപ്രിലിലാണ് അധ്യയനം തുടങ്ങുന്നത്. ഇന്ത്യക്ക് പുറത്ത് രാജഗിരി സ്കൂളിന്റെ പ്രഥമ സംരംഭമാകും ഇത്. ഹോളിസ്റ്റിക് വിദ്യാഭ്യാസം ഉൾക്കൊള്ള വ്യത്യസ്ത തലങ്ങളിൽ മികച്ച അക്കാദമിക് നിലവാരം അൽ വർഖയിലെ സ്കൂളിനുണ്ടാകും. പ്രദേശത്തിന് നല്ല പ്രതികരണമാണ് ഇതുവരെ ലഭിച്ചത്. ധാർമിക മൂല്യത്തിനും അച്ചടക്കത്തിനും മുൻഗണ നൽകുന്ന പ്രവർത്തനമാണ് സ്കൂളിലുണ്ടാവുക. പ്രവീണ്യമുള്ള അധ്യാപകർ ക്ലാസ്സുകൾ നയിക്കും. ആധുനിക സൗകര്യങ്ങളുള്ള ക്ലാസ് മുറികൾ, മികച്ച ലൈബ്രറി, ഐ.ടി ലബോറട്രികൾ, മൾട്ടി മീഡിയ ഹാൾ, മെഡിക്കൽ ക്ലിനിക്, സ്പോർട്സിനും, ഇൻഡോർ & ഔട്ട്ഡോർ കായിക സൗകര്യങ്ങൾ എന്നിവ സ്കൂളിലുണ്ടാകും.

ഉന്നത വിദ്യാഭ്യാസ രംഗത്ത് ഏറെ മുന്നിലുള്ള സുധീർ ഗോപി ഹോൾഡിംഗ്സിന്റെ കീഴിലാണ് ആർട്സ്, ഹ്യൂമാനിറ്റീസ്, എഞ്ചിനീയറിംഗ്, ഐ.ടി, ഏവിയേഷൻ, ഹോട്ടൽ മാനേജ്മെന്റ് സ്ഥാപനങ്ങൾ യു.എ.ഇക്ക് പുറമെ, ഇന്ത്യ, ബ്രിട്ടൻ, വെസ്റ്റിൻഡീസ്, മലേഷ്യ, സിംഗപ്പൂർ രാജ്യങ്ങളിലും വ്യാപിച്ചു കിടക്കുന്നു.

SIRAJ



രാജഗിരി-സുധീർഗോപി ഹോൾഡിംഗിന് അധ്യയന വർഷം ദുബായിൽ

RGO - DOOR TO DOOR
KING AND SHIFTING SERVICES • COMPUTER
SEAPORTS AND WORLD WIDE SERVICES.
pm • 24 HOURS CUSTOMER SERVICE
Used Japan A/C ഈ പരസ്യത്തിൽ പ്രസിദ്ധീകരിച്ച
ഒരു ബില്ലായിട്ടും ഇതിന്റെ സർവ്വീസ് ലഭ്യമാണ്.
30 p.m. FRIDAY : 4.30 p.m. to 12.00 a.m.

| | |
|---|---|
| ARGO, DUBAI<br>, 050-2386106<br>7, 050-9584642 | AL BADR CARGO, Ras Al Khaima<br>07-2274147<br>050-5617465, 050-9053615 |
| ARGO, AJMAN<br>, 050-9584642<br>3, 050-7864613 | AL BADR CARGO, BANIYAS, MAFRAQ<br>02-5525765, 050-9053614<br>050-5801508 |
| SHARJAH Indl. Area<br>335761<br>4, 050-3164197 | AL TENAIR GEN. TRANSPORT, Abu Dhabi<br>02-4455910, 050-2379696<br>050-4430182 |
| GO Tourist Club Area<br>to Philpine & Indonesia<br>, 050-8366508, 050-8207182 | AL BADR COMPUTER Tourist Club Area<br>02-6443055, 02-6443059<br>050-8207181, 050-8207182 |

P4 - Full Set branded used Computer with home delivery : Dhs. 1000.00
P3 - Full set branded used Computer with home delivery : Dhs. 850.00

## ദുബൈയിൽ രാജഗിരി വിദ്യാലയം തുടങ്ങുന്നു

ദുബൈ: രാജഗിരി ഇന്റർനാഷനൽ സ്കൂൾ ദുബൈയിലെ വർക്കയിൽ വിദ്യാലയം ആരംഭിക്കാൻ സുധീർ ഗോപി ഹോൾഡിംഗ്സും സി.എം.ഐ സഭയും തീരുമാനിച്ചതായി ബന്ധപ്പെട്ടവർ അറിയിച്ചു. 2008 ഏപ്രിലിൽ കെ.ജി മുതൽ മുതൽ പ്ലസ് ടു വരെയുള്ള ക്ലാസ് തുടങ്ങും.

ഇന്ത്യയ്ക്കു പുറത്ത് സി.എം.ഐ സഭയുടെ ആദ്യ വിദ്യാലയമാണിതെന്ന് അക്കാദമിക് ഡയറക്ടർ ഡോ. എം. മാത്യു വട്ടത്തറ പറഞ്ഞു. ആധുനിക സൗകര്യങ്ങളുള്ള വിദ്യാലയത്തിലുണ്ടാകും. സി.ബി.എസ്.ഇ പാഠ്യപദ്ധതി യാണ് പിന്തുടരുക എന്നും അറിയിച്ചു.

സി.എം.ഐ ഡയറക്ടർ ഫാ. ജോസ് അലക്സ്, വിജയസുധീർ ഗോപി എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

MALAYALA MANORAMA

ദുബായ് അൽ വർഖയിലെ രാജഗിരി ഇന്റർനാഷനൽ സ്കൂളിന്റെ സാധ്യതകൾ വരച്ചുകാട്ടുന്ന പത്രസമ്മേളനത്തിൽ അനുപമി വാര്യർ, ഡോ. എം. മാത്യു വട്ടത്തറ, ഫാ. ജോസ് അലക്സ്, ഫാ. ജോൺ പോൾ വാഴപ്പിള്ളി, സി.എം.ഐ വയസ് എന്നിവർ.

# രാജഗിരി ഇന്റർനാഷനൽ സ്കൂൾ ഏപ്രിലിൽ

ദുബായ്: രാജഗിരി ഇന്റർനാഷനൽ സ്കൂളിന് ഏപ്രിലിൽ അധ്യയനം തുടങ്ങുമെന്ന് അക്കാദമിക് ഡയറക്ടർ ഡോ. എം. മാത്യു വട്ടത്തറ അറിയിച്ചു. അൽ വർഖയിലാണ് സ്കൂൾ. രാജഗിരി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രഥമ രാജ്യാന്തര സംരംഭം. സുധീർ ഗോപി ഹോൾഡിംഗ്സുമായി ചേർന്നാണ് നടത്തുന്നത്.

സിബിഎസ്ഇ പാഠ്യപദ്ധതി പ്രകാരം കെജി വൺ മുതൽ പ്ലസ് ടു വരെയാണ് ആദ്യം കുട്ടികളെ ചേർക്കുക. ഐടി ലാബുകളും കളി സ്ഥലങ്ങളും ലൈബ്രറികളും മറ്റുമായി ആധുനിക സൗകര്യങ്ങളാണ് ഒരുക്കിയിരിക്കുന്നത്.

രാജഗിരി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഡയറക്ടർ ഫാ. ജോസ് അലക്സ്, ഫാ. ജോൺപോൾ വാഴപ്പിള്ളി, സ്കൂൾ ഹെഡ്മിസ്ട്രസ് അനുപമി വാര്യർ, സുധീർ ഗോപി ഹോൾഡിംഗ്സ് ലീഗൽ ഡയറക്ടർ സി. എസ്. ഡയസ് എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.